ഉത്തരം

(എ) മൂല്യവർദ്ധിത നികുതി ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം കേരള നിയമസഭ പാസ്സാക്കി ഗവർണറുടെ അനുമതിയോടുകൂടി പ്രസിഡന്റിന്റെ അനുമതിക്കായി അയച്ചു കഴിഞ്ഞു. വാറ്റ് നിയമവുമായി ബന്ധപ്പെട്ട റൂൾസ്, ഫോംസ് എന്നിവയുടെ പരിഗണനയ്ക്കും മേൽ നടപടികൾക്കുമായി നിയമ വകുപ്പിന് നൽകിയിട്ടുണ്ട്. നികുതി വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷണർമാർ, അസിസ്റ്റന്റ് കമ്മീഷണർമാർ തുടങ്ങിയ തസ്തികളിലുള്ള എല്ലാപേർക്കും പ്രസ്തുത നിയമവും ചട്ടങ്ങളും സംബന്ധിച്ചുള്ള ട്രെയിനിംഗ് നൽകിക്കഴിഞ്ഞു. കൂടാതെ ജില്ലാതലങ്ങളിൽ ഡെപ്യൂട്ടി കമ്മീഷണർമാരുടെ നേതൃത്വത്തിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള മറ്റുദ്യോഗസ്ഥർ. മുഖേന സെയിൽസ് ടാക്സ് ആഫീസർ, ഇൻസ്പെക്ടർ തുടങ്ങിയവർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. കച്ചവടക്കാർ, ടാക്സ് പ്രാക്ടീഷണേഴ്സ് മറ്റു വ്യാപാര പ്രമുഖർ, ട്രെയിഡേഴ്സ് അസോസിയേഷൻ തുടങ്ങിയ മേഖലകളിൽ ഉള്ള വ്യക്തികൾക്ക് പ്രസ്തുത നിയമത്തിന്റെ എല്ലാ വശങ്ങളേയും സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്.

(ബി & സി) വാറ്റ് നടപ്പിലാക്കുന്നതിലൂടെയുള്ള സാമ്പത്തിക നഷ്ടത്തിന്റെ 100% ഒന്നാം വർഷവും 75% രണ്ടാം വർഷവും 50% മൂന്നാം വർഷവും കേന്ദ്ര ഗവൺമെന്റ് വഹിക്കാമെന്ന ഉറപ്പ് ഇതു സംബന്ധിച്ച ഉന്നതാധികാര സമിതിയുടെ വിവിധ തീരുമാനങ്ങളിൽ ആയിരുന്നു.

കേന്ദ്ര ധനസഹായം

10 (1062) ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. മുഹമ്മദാലി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വാല്യൂ ആഡഡ് നികുതി നടപ്പാക്കുമ്പോൾ കേന്ദ്രത്തിൽ നിന്നും എന്തു തുകയുടെ ധനസഹായം കിട്ടുമെന്നായിരുന്നു പ്രതീക്ഷിച്ചത് ?

ഉത്തരം

മൂല്യവർദ്ധിത നികുതി സമ്പ്രദായം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ഉണ്ടാകുന്ന നഷ്ടത്തിന്റെ 100 ശതമാനം ഒന്നാം വർഷവും, രണ്ടും മൂന്നും വർഷങ്ങളിൽ 75 ശതമാനം 50 ശതമാനം എന്നീ ക്രമത്തിൽ നഷ്ടം കേന്ദ്രം വഹിക്കാമെന്ന ഉറപ്പ് ഉന്നതാധികാര സമിതിയുടെ വിവിധ തീരുമാനങ്ങളിൽ ഒന്നായിരുന്നു. തുകയെത്രയെന്ന് കൃത്യമായി പറയാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly